പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3262

29/01/2014 ൽ
മറുപടിക്ക്

## കെ. രാഘവൻമാസ്റ്റർ സ്മാരക നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) മലയാള ചലച്ചിത്രഗാനശാഖക്ക് അതുല്യ സംഭാവനകൾ നൽകിയ ഗായകൻ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ അനുയോജ്യമായ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം കൈപ്പറ്റിയിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) തലശ്ശേരി സ്റ്റേഡിയത്തിന് സമീപം തലശ്ശേരി ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പണിത് പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലുളള പാർക്കും പാർക്കിനകത്തെ കെട്ടിടവും രാഘവൻ മാസ്റ്ററുടെ സ്മാരകമായി വിട്ടുതരണമെന്ന് തലശ്ശേരി അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. |
| (സി) സ്മാരകനിർമ്മാണത്തിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) സ്മാരകനിർമ്മാണം സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) പ്രസ്തുത സ്മാരക നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ